(എച്ച്) ബോണസ് പ്രശ്നം സംബന്ധിച്ച് ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച നടത്തിയോ;

(ഐ) എങ്കിൽ അവരുടെ നിലപാട് എന്തായിരുന്നു;

(ജെ) കോർപ്പറേഷൻ ഏകപക്ഷീയമായി ബോണസ് പ്രഖ്യാപിക്കുകയായിരുന്നു എന്നറിയുന്നത് ശരിയാണോ?

ഉത്തരം

(എ) 8.33 ശതമാനം.

(ബി) 11 ½ ശതമാനം.

(സി) അതെ.

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളിൽ 8.33 ശതമാനം മാത്രമേ നൽകാൻ പാടുള്ളൂവെന്ന ഗവൺമെൻറു നിർദ്ദേശപ്രകാരം.

(ഇ) ഇല്ല. എന്നാൽ വരുമാനത്തിൽ നേരിയ വർദ്ധനവുണ്ടായതിൽ, തൊഴിലാളികളും വഹിച്ച പങ്കിൻെറ സന്തോഷ പ്രകടനമായി 45 രൂപ വീതം അഡ്ഹോക്ക് അലവൻസായി ഓരോരുത്തർക്കും നൽകി.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഇല്ല. സാമ്പത്തിക ബുദ്ധിമുട്ടു മൂലം അനുവദിക്കാൻ കഴിഞ്ഞില്ല.

(എച്ച്) നടത്തി.

(ഐ) പുതിയതോ ബോണസ് ഫോർമുലയനുസരിച്ച്, മുൻകൊല്ലങ്ങളിലെ പോലെ 11.5% ബോണസ് വേണമെന്നു ആവശ്യപ്പെട്ടിരുന്നു.

(ജെ) ശരിയാണ്.

1985 ആഗസ്റ്റ് 12–ാം തീയതി സർവ്വീസ് നടത്തിയതിനു ചെലവ്

250 [564] ശ്രീ. ടി.കെ. ആറുമുഖൻ:

,, സി.കെ. ചക്രപാണി:

,, വി.എസ്. ചന്ദ്രശേഖരൻ പിള്ള:

,, ടി.കെ. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 ആഗസ്റ്റ് 12–ന് കെ.എസ്.ആർ. ടി.സി. വക ബസ്സുകൾ സർവ്വീസ് നടത്തിയതിനു മൊത്തം എന്തു ചെലവായി;

(ബി) തിരുവനന്തപുരത്ത് ഈ ദിവസം സിറ്റി ബസ്സുകൾ സർവ്വീസ് നടത്തിയ ഇനത്തിൽ ലഭിച്ച കളക്ഷൻ എത്ര?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാധാരണ ഗതിയിൽ ഒരു വാഹനം ഓടിക്കുന്നതിന് ചെലവാകുന്ന തുകയിൽ കൂടുതലൊന്നും 12-8-1985-ൽ ഓടിച്ച സർവ്വീസുകൾക്ക് ചെലവായിട്ടില്ല. (ദൈനംദിന ചെലവുകൾ കണക്കാക്കുന്നതിനുള്ള സംവിധാനം ഇന്ന് കെ.എസ്.ആർ.ടി.സി. യിലില്ല).

(ബി) 1376 രൂപ 30 പൈസ.

1985 ആഗസ്റ്റ് 10 മുതൽ 14 വരെ കെ.എസ്.ആർ.ടി.സി. കളക്ഷൻ

251 [565] ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി):
,, സി.പി. മൂസ്സാൻകുട്ടി:
,, എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 ആഗസ്റ്റ് 10 മുതൽ 14 വരെയുള്ള അഞ്ചു ദിവസങ്ങളിൽ ഓരോ തീയതിയിലും കെ.എസ്.ആർ.ടി.സി. യുടെ ബസ്സുകളിൽ ടിക്കറ്റു കളക്ഷൻ എത്ര രൂപ വീതമായിരുന്നു;

(ബി) ഈ ഓരോ ദിവസവും റിസർവേഷൻ കൗണ്ടർ വിറ്റ വകയിലും സ്റ്റേറ്റ് റിസർവേഷൻ ഇനത്തിലും ഉണ്ടായ വരുമാനം വേർതിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ ദിവസങ്ങളിൽ കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകൾ വീതം സർവ്വീസു നടത്തി?

ഉത്തരം

(എ) 10.8.1985—2661799 രൂപ, 11.8.1985—3093869 രൂപ, 12.8.1985—39203 രൂപ, 13.8.1985—1797679 രൂപ, 14.8.1985—2399461 രൂപ.

(ബി, സി) വിവരം ശേഖരിച്ചു വരുന്നു.

നെടുമങ്ങാട് ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ആഫീസിന്റെ വികസനം

252 [566] ശ്രീ. കെ.വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) സ്ഥലത്തിന്റെ പരിമിതിമൂലം യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly